L .No. 5/1121. Dated 10-11-1945. Reg. No. M. 3204 C. 201.

UNIVERSITY LIBRARY
-2 SEP 1946
MADRAS

# രാജർഷി

പുസ്തകം 12 | മിഥുനം, കർക്കിടകം. | ലക്കം 11, 12



സ്ഥാനത്യാഗംചെയ്ത

സർ ശ്രീരാമവർമ്മ കൊച്ചി വലിയതമ്പുരാൻ

ജി. സീ. എസ്സ്. ഐ, ജി സീ. ഐ. ഇ., എഫ്. എം. യു.

തിരുമനസ്സുകൊണ്ടു്.

## വിഷയവിവരം


1. മംഗളം —വിദ്വാൻ വെള്ളാശ്ശേരി ഗോവിന്ദമേനോൻ.
2. കഥകളി —വിദ്വാൻ പുഴങ്കര നാരായണമേനോൻ.
3. പന്നഗപഞ്ചകം (പദ്യം)—വെബ്ളിയസ്സ് ലക്ഷ്മണൻ നമ്പൂതിരിപ്പാട്.
4. മലയാളത്തിലെ നാടകങ്ങൾ (തുടർച്ച)—വിദ്വാൻ കരുമള്ളൂർ നാരായണപിള്ള.
5. പുസ്തകാഭിപ്രായം.
1. മംഗളം —വിദ്വാൻ തേമ്പാട്ട ശങ്കരൻനായർ
2. ധനശാസ്ത്രം — വി നാരായണമേനോൻ.
3. ഝാൻസിയിലെ റാണി (തുടർച്ച)—കിഴക്കില്ലം വാസുദേവൻ നമ്പൂതിരി
4. മുസ്തഫാ കമാൽപാഷ — ചാക്കോ വേഴപ്പറമ്പിൽ.
5. സ്വാതന്ത്ര്യകാഹളം (ഐ. ഭാഗീരഥി, വിദ്യാർത്ഥിനി, തൃശ്ശിവപേരൂർ.
6. അച്ഛനും മകളും (പദ്യം)—തിരുത്തിക്കാട്ട് പ്രഭാകരൻ നായർ.



# കവനചന്ദ്രിക

വിദ്വാൻ അടയത്തിന്റെ

ഒരു വിശിഷ്ടകൃതി

വില ഒരുറുപ്പികമാത്രം

തപാൽകൂലി പുറമേ. വിദ്വാൻ അടയത്തു കൃഷ്ണപിള്ള.

ഇടപ്പിള്ളി.

1122-ലെ യോഗക്ഷേമ

# പഞ്ചാംഗം

ഈ പഞ്ചാംഗം ഓരോ വീട്ടിലും ഓരോന്നത്യാവശ്യമാകുന്നു. ഈ പഞ്ചാംഗത്തിൽ ഹിന്ദുക്കൾക്ക് വേണ്ട സകല വിശേഷദിവസങ്ങളേയും ഗ്രഹണം, ഗ്രഹപ്പകർച്ച മുതലായ എല്ലാ സംഗതികളേയും വിശദമായി പറഞ്ഞിട്ടുണ്ട്. ഇതു് 7000 കോപ്പി അടിയ്ക്കുകയും അതു് വിററു തീരുകയും ചെയ്തു. പിന്നെയും 1500 കോപ്പി അടിയ്ക്കുകയും ചെയ്തു. പ്രസ്തുത പഞ്ചാംഗത്തിന് വില 12ണമാത്രം.

അപേക്ഷിക്കുക:— കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്

A O & P O കുന്നംകുളം.

2 SEP 1946
MADRAS

# രാജർഷി

| പുസ്തകം 12 | മിഥുനം 1121 | ലക്കം 11 |
|---|---|---|

## മംഗളം

---

ഉലകിന്നുപകൃതിചെയ്യാ-
നുതകുംമട്ടുള്ള കാലഗതിയെത്താൻ
ഉചിതജ്ഞതയൊടുവീക്ഷി-
ച്ചുദയംകൈക്കൊണ്ടുവെല്ലൂ "രാജർഷി"

വിദ്വാൻ വെള്ളായ്ക്കൽ ഗോവിന്ദമേനോൻ

---

## കഥകളി.

(വിദ്വാൻ പുഴങ്കര നാരായണമേനോൻ)

കഥകളിയുടെ ഉത്ഭവത്തേയും പ്രാചീനതയേയും അതിന്നു പഴയ കാലത്തുണ്ടായിരുന്ന സ്വാധീനശക്തിയേയും സംബന്ധിച്ച്, ചിലതു പ്രതിപാദിക്കുവാൻ മാത്രമേ ഈ ലേഖനം കൊണ്ടുദ്ദേശിച്ചിട്ടുള്ളു.

കേരളം കലാവാസനയുടെ നൃത്തരംഗമാണെന്നു ലോകപ്രസിദ്ധി നേടിയിട്ടുള്ളതു ഇവിടുത്തെ കഥകളികൊണ്ടു മാത്രമാകുന്നു. ചാക്യാർകൂത്ത്, കൂടിയാട്ടം, ഓട്ടൻതുള്ളൽ തുടങ്ങിയവപോലെ കഥകളിയും കേരളത്തിന്റെ പ്രത്യേകസമ്പാദ്യമാകുന്നു. കേരളീയകലകളിൽ സർവ്വോത്തമമായ പ്രാധാന്യവും ഇതിന്നുതന്നെയാകുന്നു. ഒരു പടികൂടി കടന്നു പറകയാണെങ്കിൽ, അഭിനയാത്മകമായ കലകളിൽ, ഇതിനേക്കാൾ പ്രാധാന്യവും പ്രാഥമ്യവുമർഹിക്കുന്ന വേറൊന്ന് ഉണ്ടോ എന്നുതന്നെ സംശയമാണ്. തമിഴ്നാടകങ്ങളുടെ പ്രചുരപ്രചാരവും ജനസാമാന്യത്തിന്റെ അനഭിജ്ഞതയും നിമിത്തം ഇടക്കാലത്തു വെച്ച് ഈ മഹനീയകലയുടെ കലാശക്കൊട്ടു തുടങ്ങിയതാണെങ്കിലും, മഹാകവി വള്ളത്തോളിന്റെ മഹനീയാഭിമുഖ്യത്തിൽ, കാലോചിതമായി സ്ഥാപിച്ച കേരളകലാമണ്ഡലത്തിന്റെ ആവിർഭാവത്തിന്നുശേഷം ഇതിന്റെ വിജയപതാക ദിഗന്തരങ്ങളിൽപോലും പാറിക്കളിക്കുവാൻ തുടങ്ങിയിട്ടുള്ളതു കേരളീയർക്കെല്ലാം അഭിമാനാസ്പദമാണ്. കലാപ്രപഞ്ചത്തിൽ മഹാകവിക്കുണ്ടായിട്ടുള്ള ഈ നേട്ടം, അകേരളീയദൃഷ്ടിയിൽ, അദ്ദേഹത്തിൽ നിന്നുണ്ടായിട്ടുള്ള മറെറല്ലാ നേട്ടങ്ങളേയും നിഷ്പ്രഭങ്ങളാക്കുവാൻപോലും പര്യാപ്തമാകുന്നു.

ഭാഷാസാഹിത്യമർമ്മജ്ഞന്മാരിൽ പലരും കഥകളിക്കു മുന്നൂറുകൊല്ലത്തിലധി

കം പഴക്കമില്ലെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ കേരളീയനല്ലാത്ത ഒരു പ്രസിദ്ധ കലാവിമർശകൻെറ അഭിപ്രായം, "ഞാനും നിങ്ങളും വിചാരിക്കുന്നതിലും എത്രയോകാലംമുമ്പു കഥകളി ജനിച്ചു വളർന്നിരിക്കുന്നു. അതിനു ഭാരതീയപരിഷ്കാരത്തോളംതന്നെ പഴക്കമുണ്ടു" എന്നാണു്. ഭാരതീയസംസ്കാരത്തിൽനിന്നും ജനിച്ചിട്ടുള്ള കൊള്ളാവുന്നതും ശാശ്വതവുമായ സകലതും ആംഗലസമ്പർക്കത്തിൻേറയോ പ്രചോദനത്തിൻേറയോ ഫലമായുണ്ടായതാണെന്നു വർണ്ണിക്കുവാൻ ആംഗലേയർക്കു മാത്രമല്ല, ആംഗലപരിഷ്കാരത്തിൽ ഭ്രമിച്ചുവശായിട്ടുള്ള ചില ഭാരതീയർക്കും ഒരു വാസന കാണാറുണ്ട്. അങ്ങനെയുള്ളവരുടെ അഭിപ്രായപ്രകാരം, ഭാരതത്തിലെ നാടകം, യവനനാടകത്തിൻെറ ശരിപ്പകർപ്പും, ശില്പകല, ഇററാലിയൻ കലാകാരന്മാരുടെ ഭാവനാജാതവും, നൃത്തം, റഷ്യൻ നൃത്തത്തിൻെറ അനുകരണവുമാണ്. 'യവനികാ' ശബ്ദത്തെപ്പോലും അവർ വൈദേശികമായിട്ടാണു പരിഗണിക്കുന്നതു്. സങ്കല്പസൃഷ്ടങ്ങളായ ഇത്തരം അവാസ്തവകഥനങ്ങൾക്കു പ്രേരകമായിരിക്കുന്നതു ഭാവനാശക്തിയേയും പാണ്ഡിത്യത്തേയുംകാൾ വൈദേശികഭ്രമമാണെന്നു പറയാതെ തരമില്ല. സുപ്രസിദ്ധകലാവിമർശകനായ ശ്രീ. വെങ്കിടാചലം, കേരളകലാമണ്ഡലത്തിൻെറ ഒരു വാർഷികോത്സവത്തിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ടു് ഇങ്ങനെ പറയുകയുണ്ടായി. "കഥകളിക്കു ഏതാണ്ടു ഹിമാലയത്തോളംതന്നെ പ്രായമായിട്ടുണ്ട്. അതു് അജന്തയേക്കാളും സാഞ്ചിയേക്കാളും പഴക്കമേറിയതാണു്. മാനവസമുദായത്തിൻെറ ആദ്യപുലരിയിൽ തന്നെ അതു ക്രമപ്പെട്ടിരിക്കണം." അദ്ദേഹത്തിൻെറ ഈ പ്രസ്താവനയ്ക്കു വെറും ഊഹാപോഹം മാത്രമല്ല അടിസ്ഥാനമെന്നും, വിവിധരാജ്യങ്ങളിൽ സഞ്ചരിച്ചു കലാപരമായ പല പര്യവേക്ഷണങ്ങളും നടത്തിയതിൽ നിന്നുണ്ടായ അനുഭവജ്ഞാനമാണെന്നും, നാമറിയേണ്ടതുണ്ട്. കൊറിയയിൽ ഒരു ബുദ്ധമതാലയം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തെ സല്ക്കരിക്കുവാൻ അവിടെ മതസംബന്ധമായ ഒരു നൃത്തമുണ്ടായിരുന്നുവത്രെ. അതു് കഥകളിയുടെ പ്രതിച്ഛായയല്ലാതെ മറെറാന്നുമല്ലെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. രണ്ടായിരത്തോളം കൊല്ലങ്ങൾക്കുമുമ്പു ഭാരതത്തിൽ നിന്നും പോയ ഒരു മഹാത്മാവിനാൽ സ്ഥാപിക്കപ്പെട്ടതായിരുന്നു ആ ആരാധനാമന്ദിരമെന്നും പറയപ്പെടുന്നു. ദേവാലയത്തിനെന്നപോലെ നൃത്തകലയ്ക്കും കൊറിയക്കാർ ഭാരതീയർക്കു കടപ്പെട്ടിരിക്കുന്നു. ടോക്കിയോവിലും അദ്ദേഹം ഒരു ബുദ്ധദേവാലയം സന്ദർശിച്ചപ്പോൾ മതപരമായ ഒരു നൃത്തം ജപ്പാൻകാർ അദ്ദേഹത്തെ കാണിക്കുകയുണ്ടായി. അതും "നിങ്ങൾക്കും എനിക്കും അത്രമാത്രം സുപരിചിതമായ അതേ നൃത്തം, അതേ ഭാവം, അതേ മുദ്ര" തന്നെയാണെന്നു പറയപ്പെടുന്നു. അവരുടെ മതമെന്നപോലെ നൃത്തവും ഭാരതത്തിൽ നിന്നും വന്നതാണെന്നു ബുദ്ധസന്യാസികൾ അദ്ദേഹത്തോടു പറകയുണ്ടായത്രെ. എ. ഡി. ആറും ഏഴും നൂററാണ്ടുകളിലിടയ്ക്കാണു ബുദ്ധമതം ജപ്പാനിലേക്കു വ്യാപിക്കുവാൻ തുടങ്ങിയതു്. ഭാരതീയകലയും ആ ചവിട്ടുകളെത്തന്നെ അനുവർത്തിച്ചിരിക്കണമെന്നു നമുക്കു ന്യായമായി അനുമാനിക്കാം. ഇതിൽ നിന്നെല്ലാം വന്നുകൂടുന്നതു്, കഥകളിയുടെ ഉത്ഭവത്തെ വളരെ അടുത്ത കാലത്തേക്കു വലിച്ചിഴയ്ക്കുന്നതു് ആലോചിക്കേണ്ട ഒരു കാര്യമാണെന്നാണ്.

തഞ്ചാവൂരിൽ ഇന്നും നടപ്പുള്ള കുറവഞ്ചിക്കൂത്ത് കഥകളിയോടു വളരെ സാദൃശ്യം വഹിക്കുന്ന ഒരു ദൃശ്യകലയാണെന്നു പറയപ്പെടുന്നു. അതിലെ ഗാനങ്ങളുടെ നാലാം പാദങ്ങളെല്ലാം ശരഭോജി എന്നൊരു രാജാവാണ് അതിന്റെ കർത്താവെന്നു തോന്നിക്കുന്നവണ്ണമാണു രചിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ കാലത്തെപ്പററിയോ കലാപ്രേമത്തെപ്പററിയോ ഇവിടെ വിചിന്തനം ചെയ്യണമെന്നുദ്ദേശിക്കുന്നില്ല. കർണ്ണാടകത്തിൽ നടപ്പുള്ളതും മൂന്നൂറുകൊല്ലത്തിലധികം പഴക്കമുള്ളതുമായ ദശാവതാരാട്ട (യക്ഷഗാനമെന്നും പേരുണ്ടു) വും കേരളത്തിൽതന്നെ ചില സ്ഥലങ്ങളിൽ നടപ്പുള്ളതും അഞ്ഞൂറുകൊല്ലത്തിലധികം പഴക്കമുണ്ടെന്നു കരുതപ്പെടുന്നതുമായ 'തെയ്യത്തുകളി'യും കഥകളിയുടെ ഒരു വകഭേദമാണെന്നു മഹാകവി വള്ളത്തോൾ ഒരിക്കൽ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഈ കളികളിൽ നൃത്തവും സംഗീതവും ഒരേ സമയത്താകയാൽ ഓരോ സന്ദർഭത്തിലും കഥാപാത്രങ്ങളുടെ മുഖത്തു സ്ഫുരിക്കേണ്ട വികാരങ്ങൾ വേണ്ടപോലെ പ്രകാശിപ്പിക്കുവാൻ സാധിക്കുന്നില്ല. കഥകളിയിൽ ഈ ദൂഷ്യവും പരിഹരിക്കപ്പെട്ടിരിക്കുന്നു.

ചാക്യാർകൂത്ത്, കൂടിയാട്ടം, അഷ്ടപദിയാട്ടം, കൃഷ്ണനാട്ടം, രാമനാട്ടം എന്നീ പ്രസ്ഥാനങ്ങളോരോന്നും അനന്തരകാലത്തിൽ കഥകളിയായി പരിലസിച്ച അഭിനയകലയുടെ ഓരോ ദശാന്തരങ്ങളാണെന്നും, കഥകളിയുടെ ആവിർഭാവത്തിനുമുമ്പിൽ കേരളത്തിന്റെ വിവിധപ്രാന്തങ്ങളിൽ പ്രചരിച്ചിരുന്ന ഏതാദൃശകലാപ്രയോഗങ്ങൾ കാലക്രമേണ അതാതുദേശങ്ങളിൽകൂടി വളർന്നുവന്ന് അവയെല്ലാററിന്റേയും സംസ്കാരം ഉള്ളടക്കിക്കൊണ്ടുണ്ടായതാണ് ഈ മഹനീയ നൃത്യകലയെന്നും വിചാരിക്കുന്നതാണ് യുക്തിയുക്തമായിരിക്കുക. കഥകളിയെപ്പോലെ സാംസിദ്ധികമായ സൌന്ദര്യത്തോടും സാങ്കേതികമായ പരിപൂർണ്ണതയോടും കൂടിയ ഒരു വിശിഷ്ടദൃശ്യകല രണ്ടോമൂന്നോ നൂററാണ്ടുകൾകൊണ്ടുണ്ടാവുന്ന കാര്യം ചിന്ത്യമാണ്. അതു്, അത്യുൽകൃഷ്ടമായ കലാവാസന തികഞ്ഞിട്ടുള്ള ഒരു ജനതയുടെ അനേകനൂററാണ്ടുകളിലെ സംസ്കാരത്തിന്റെ പാരമ്യമാണെന്നു വിചാരിക്കുന്നതായിരിക്കും സമുചിതമായിട്ടുള്ളതു്. കഥകളിയെപ്പോലെ അദ്വിതീയമായ ഒരു കലയെ പോഷിപ്പിക്കുകയും സകലമേന്മകളോടുംകൂടി സൂക്ഷിക്കുകയും ചെയ്യുന്നതു് ഏതൊരു രാജ്യത്തിന്നും അഭിമാനാവഹമാണ്. കലാലോകത്തിൽ കേരളീയർക്കു അഭിമാനപൂർവ്വം ശിരസ്സുയർത്തിപ്പിടിക്കുവാൻ ഈ ഒരൊററ ദൃശ്യകലമതിയാകും.

മോഹഞ്ചദാരോവിൽ അടുത്തകാലത്തു് നടന്നിട്ടുള്ള ഉൽഖനനം ഭാരതീയപരിഷ്കാരത്തിന്നു അയ്യായിരം കൊല്ലത്തിലധികം പഴക്കമുണ്ടെന്നു തെളിയിച്ചിട്ടുണ്ടല്ലോ. അവിടെ കണ്ട ചില ശിലാലിഖിതങ്ങളിലെലിപികൾ മലയാളലിപികളോടു സാമ്യംവഹിക്കുന്നു. ഇതു് അതിശയോക്തിപരമായ ഒരു പ്രസ്താവനയല്ലെന്നും തെളിഞ്ഞബുദ്ധിയും ഉറച്ചഹൃദയവുമുള്ള ജസ്യൂട്ട് പാതിരിമാർ തങ്ങൾകണ്ടതിനെ ലക്ഷ്യസമേതം പറഞ്ഞിട്ടുള്ളതാണെന്നും പ്രത്യേകം പ്രസ്താവയോഗ്യമാണ്. ആ അതിതകാലത്തു് അതിമഹത്തായ ഒരു പരിഷ്കാരം കേരളത്തിൽ പരിലസിച്ചിരുന്നുവെന്നുള്ളതിന്നു വേറെയും പല ലക്ഷ്യങ്ങളുമുള്ളതായി പറയപ്പെടുന്നുണ്ടു്. ശിലാലിഖിതങ്ങളുടെ പ്രകൃതവും പാത്രങ്ങളുടേയും ആഭരണങ്ങളുടേയും കൊത്തുപണികളും ശിവന്റെയും പാർവ്വതിയുടേയും നടനചിത്രങ്ങളും അ

# പന്നഗപഞ്ചകം.

(വെണ്മണി ലക്ഷ്മണൻ നമ്പൂതിരിപ്പാട്)

1 പാമ്പേ! നാനാത്തരക്കാരുടയതവഗണനത്തിങ്കലാരാദ്ധ്യനാം നീ
വീര്യം വർദ്ധിച്ചുതുപ്പുംവികൃതഗരളമമ്പമ്പ! വല്ലാത്തതല്ലേ,
കാമത്താലിട്ടിൽ ശരീരാഭരണമഹിമനേടീടിലും ശ്ലാഘ്യപക്ഷി-
ശ്രേഷ്ഠാമിത്രതാമൂലം വിധിവിഹിതവിപച്ഛക്തി നിന്നെത്ത്യജിക്കാ.
2 കാടിൻബന്ധത്തിനാലോ വലിയതലയെടുപ്പെന്തിനങ്ങേക്കു മൌഢ്യം-
കൂട്ടം പ്രാപഞ്ചികശ്രേണിയിൽ വിവിധവികാരോദയംകൈകവരാമോ
ഭാവൽക്കാജന്മസിദ്ധാവമഗതിവിജയംമൂലമോവിശ്രുതാധോ-
ലോകാസക്തഭാജിജിഹ്മാഗ്രിമശരിശരിനീജാതിയാൽതാൻ തദേഹൻ
3 നിന്നെദ്ദൈവത്തിനൊപ്പംകരുതുമനഘ! ഹിന്ദുക്കളിൽദുസ്തമസ്സാം
താൽക്കൂടസ്ഥൻറവീര്യംപലവഴിലഘുവായ് വന്നുകൂടാൻനിമിത്തം
നിന്ദ്യൻനിയ്യായിരിക്കാമതിനുടെഫലമോമേല്ക്കുമേൽസത്വനാശം
പൊങ്ങുന്നൂസർവ്വലോകത്തിലുമിനിയെവിടെസ്സർപ്പമേശുദ്ധസൌഖ്യം
4 ഭാവൽക്കാമർഷമുഗ്രംതദനുസരണമാണാപ്തവണ്ണാദിയും ഹാ
മാളംവിട്ടെന്തിനായ് നീചിലപൊഴുതുപുറത്തേയ്ക്കിറങ്ങുന്നമെല്ലെ,
ഈശാനപ്രീതിമൂലംപ്രകൃതിമലിനതയ്ക്കങ്ങയിൽസല്പനാശം-
ചേർന്നേക്കാംനിന്നെയാർവാഴ്ത്തീടുമുരഗ! വെറുംപ്രാകൃതക്കൂട്ടമെന്ന്യേ
5 കാമക്രോധാദിജന്തുപ്രകരവസതിയാംകാട്ടതാൻലോകമെന്നായ്
കോലുംതത്വത്തിവീക്ഷിച്ചിഹവിഷധര! നീ തുഷ്ടികൊള്ളേണ്ടതീരേ
കാലംപൊട്ടക്കരിങ്കാരെതിർനിറമണിയുന്നൊന്നുനിന്നെപ്പടച്ചോൻ
കാണിക്കുന്നില്ലിതെന്തോഭവതുഹരിഹരാസക്തിയാൽസർവ്വവുംതേ.

---

സാമാന്യമായ സാരൂപ്യവും ഒരു മഹത്തായ മലയാളപരിഷ്കാരമുണ്ടായിരുന്നുവെന്നുള്ളതിന്റെ പ്രത്യക്ഷലക്ഷ്യങ്ങളായെണ്ണാവുന്നവയാണ്.

ചരിത്രാരംഭകാലത്തുതന്നെ സമ്മിശ്രമായ ഒരു പരിഷ്കാരം കേരളത്തിലുണ്ടായിരുന്നു. അതിന്റെ അനുക്രമമുള്ള വളർച്ചയിൽ കലയും സാഹിത്യവും സംസ്കാരവും വികസിതങ്ങളായി അവയുടെ സൌരഭ്യം അയൽ രാജ്യങ്ങളിലേയ്ക്കും വ്യാപിക്കുകയുണ്ടായിയെന്ന് ന്യായമായനുമാനിക്കാം. ജാവയിൽ ഭാരതീയനൃത്തകലയുടേയും ബാലിദ്വീപിൽ ഭാരതീയശില്പശാസ്ത്രത്തിന്റെയും സിലോണിൽ ഭാരതീയചിത്രകലയുടേയും ഏററവും നല്ലമാതൃകകൾ കാണപ്പെടുന്നുണ്ടെന്നു കലാവിമർശകന്മാരിൽ പലരും അഭിപ്രായപ്പെടുന്നുണ്ടല്ലോ. മലയാളത്തിന്റെ മഹോജ്ജ്വലമായ കല, ഭാരതവർഷമൊട്ടുക്കും വ്യാപിച്ചുവെന്നും അവിടെനിന്നും അത് പൌരസ്ത്യലോകത്തിന്റെ സംസ്കാരത്തേയും പരിഷ്കാരത്തേയും ഗണ്യമായവിധം സ്വാധീനിക്കുകയും പോഷിപ്പിക്കുകയുമുണ്ടായെന്നും ഉള്ള വസ്തുതയാണ് തുറന്ന ഹൃദയത്തോടെ വീക്ഷിച്ചാൽ ഇവയിൽനിന്നും വ്യക്തമാകുന്നത്.

(തുടരും)

# മലയാളത്തിലെ നാടകങ്ങൾ

(തുടൎച്ച)

———

(വിദ്വാൻ കുറുമള്ളൂർ നാരായണപിള്ള)

“ഇന്ദ്രനു നരകന്യക ചേരുമോ”— എന്ന ഭാഗത്തെ ഇന്ദ്രനു നര,— അതുകൊണ്ടു കന്യക ചേരുമോ? എന്നഭിനയിച്ചതും “ഭവതി ഈ ശിലാതലത്തിൽ ഇരുന്നാലും”—എന്നതിനെ ശിലാശബ്ദത്തിന്റെ അൎത്ഥം അറിഞ്ഞുകൂടാതിരുന്ന നടൻ “ഭവതി ഈ ശിലാതലത്തിൽ ഇരുന്നാലും” എന്നു് ഉത്തരീയംവിടുത്തു സംഭാവനചെയ്തഭിനയിച്ചതും “ആറുമുഖവടിവേലനേ” —എന്നൊരു ഗാനം വളരെപ്പണിപ്പെട്ടു പാടി അഞ്ചും ഒന്നും ആറു് എന്നു് ആറുവിരൽ കാണിച്ചു് മുഖത്തു തൊട്ടു് ക്ഷൗരവൃത്തി അഭിനയിച്ചു് “വടി” എന്ന ശബ്ദത്തെ വ്യാഖ്യാനിച്ചു് തോളത്തു മേളാകം തൂക്കിയ വേലൻ എന്നു് നടിച്ചു് വാ വാ എന്നു വിളിക്കുന്നതും, ശരിയായ അഭിനയമാണെന്നു ധരിക്കാൻ മാത്രമുള്ള അജ്ഞത മൂൎത്തീകരിച്ച ചിലർ നാടകകമ്പനിയിൽ കൈകടത്തി നടന്മാരായി രംഗപ്രവേശം ചെയ്തപ്പോൾ അത്തരം നാടകം കാണ്മാൻ ആളില്ലെന്നായി. സ്ഥാനത്തും അസ്ഥാനത്തും സംഗീതം പ്രയോഗിച്ചുകൊണ്ടു നടന്മാർ രംഗപ്രവേശം ചെയ്തുതുടങ്ങിയതും, സാധാരണ സംഭാഷണങ്ങൾ പോലും സംഗീതത്തിൽ പ്രകടിപ്പിക്കാൻ ഔത്സുക്യം പ്രദൎശിപ്പിച്ചുതുടങ്ങിയതും നാടകകലയുടെ സ്വാതന്ത്ര്യസിദ്ധമായ സ്വാഭാവികതയെ നിഹനിച്ചു. സംഗീത നാടകങ്ങളുടെ നേരെ കലാവിശാരദന്മാൎക്കു വൈരസ്യം ജനിക്കുന്നതിനു വേറെയും ചില കാരണങ്ങൾ ഇല്ലാതില്ല. ചത്തുകിടക്കുന്ന സ്വപുത്രനെക്കണ്ടു് മാതാവു് സംഗീതം ചിട്ടപ്പെടുത്തി സദസ്യരുടെ “ബലേഭേഷ്” കിട്ടുവാൻ ആലാപം നടത്തി സംഗീതവഴിയ്ക്കു കരയാൻ തുടങ്ങുന്നതു് ഔചിത്യവേദികൾക്കു് അരോചകമായല്ലാതെ തോന്നുകയില്ല കേവലം സംഭവ്യതാഗുണത്തെ നിഹനിച്ചും ശൃംഗാരത്തിന്റെ ഭാവശുദ്ധിയെ വിഗണിച്ചും കലാകൊലപാതകം നടത്തുന്ന അനാശാസ്യത കണ്ടുസഹിക്കാൻ പാടില്ലാതായപ്പോൾ സുപ്രസിദ്ധ സാഹിത്യകാരനും ഫലിതരസികനും വിമൎശനപടുവുമായ രാമക്കുറുപ്പവർകളുടെ “ചക്കീചങ്കരം” രംഗപ്രവേശം ചെയ്തു. ഇതിന്റെ പുറപ്പാടു് നാടകലോകത്തിനു് ആകമാനം ഒരു ചലനമുണ്ടാക്കി. പലരുടേയും നാടകരചനയിലുള്ള ദുസ്സാമൎത്ഥ്യത്തിനു് നൽകിയ ചൂരൽ പ്രയോഗമായിരുന്നു ഇതു്. കിഞ്ചിജ്ഞന്മാരായ പല നാടകരചയിതാക്കളും അന്നു നന്ന വിഷമത്തിലായി. ചുരുക്കം ചിലൎക്കു മാത്രമാണു് നാടകകലയേ പരിഷ്ക്കരിക്കേണമെന്നു അന്നു തോന്നിയിരുന്നതു്.

നാടകത്തിന്റെ ഗതി ഈ രീതിയിൽ ഇരിക്കുമ്പോഴാണു് സി. വി രാമൻ പിള്ള അവർകളുടെ നോവലുകൾക്കു് പ്രചുരപ്രചാരം സിദ്ധിച്ചതു്. ഗൃഹസദസ്സുകളിലും വിശേഷസദസ്സുകളിലും അദ്ദേഹത്തിന്റെ നോവലുകളിലെ തന്മയത്വമുള്ള സംഭാഷണഭാഗങ്ങൾ ആളുകൾ അഭിനയിച്ചു തുടങ്ങി. കുറുപ്പില്ലാക്കളരി, പണ്ടത്തെ പാച്ചൻ മുതലായ പ്രഹസനങ്ങളും അഭിനയയോഗ്യമായരീതിയിൽ പുറത്തു വന്നു. അവ അഭിനയിച്ചു് ആളുകളെ രസിപ്പിക്കുന്നതിനുള്ള ഒരു കൌതുകം സഹൃദയരുടെയിടയിൽ സാമാന്യത്തിലധികം

വദ്ധിച്ചു. പിന്നീട് അവ രൂപംമാറി ഗദ്യനാടകങ്ങളുടെ ആവിർഭാവത്തിനു വഴിതെളിച്ചു കൊടുത്തു.

ഇന്നാകട്ടെ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു നൂതന നാടകസരണിയെയാണു് ഗദ്യനാടകപ്രസ്ഥാനം വഹിക്കുന്നതു്. ഇംഗ്ലീഷു് വിദ്യാഭ്യാസത്തിന്റെ നാനാമുഖങ്ങളായ പ്രചാരമാണു് ഭാഷയിൽ ഇതിനു് അത്യന്തം പ്രേരകമായിത്തീന്നിട്ടുള്ളതു. ബർണാഡ്ഷാ തുടങ്ങിയുള്ള ആംഗലസാഹിത്യകാരന്മാർ വിശ്വമോഹനങ്ങളായ ഗദ്യനാടകങ്ങളെഴുതിപ്പേരെടുത്തിട്ടുള്ളവരാണു്. ഷേക്സ്പീയരുടെ നാടകതർജ്ജമകളും സി. വി. യുടെ ആഖ്യായികകളിലെ തന്മയത്വമേറിയ ഭാഗങ്ങളും ആണു് ആദ്യം മലയാളഭാഷയിലെ ഗദ്യനാടകങ്ങളുടെ സ്വഭാവത്തിൽ രൂപാന്തരപ്പെടാനിടയായതെന്നു പറയുന്നതിൽ തെറ്റില്ല. എന്നാൽ ഇന്നത്തെ ഗദ്യനാടകങ്ങളുടെ സ്വഭാവ സ്വരൂപങ്ങളുമായി അവയ്ക്കു വളരെ അന്തരങ്ങളും ഉണ്ടെന്നുള്ളതു് വിസ്മരിക്കത്തക്കതല്ല

ഇപ്പോഴും പരിഷ്ക്കാരോന്മുഖമായി വളർന്നു വരുന്ന മലയാളഗദ്യനാടകത്തിന്റെ ആവിർഭാവത്തിനു തികച്ചും കാരണഭൂതൻ ശ്രീമാൻ ഇ. വി. കൃഷ്ണപിള്ള അവർകളാണു്. ശ്രീ. കൈനിക്കര സഹോദരന്മാർ, എൻ. പി. ചെല്ലപ്പൻനായർ തുടങ്ങിയ ഗദ്യനാടകകൃത്തുകളുടെ അനുഗൃഹീത തൂലികാവിലാസപാടവം ഗദ്യനാടകങ്ങളുടെ യശസ്സിനെ വർദ്ധിപ്പിച്ചിട്ടുണ്ടു്. പ്രചാരത്തിലിരിക്കുന്നപല നാടകക്കമ്പനിക്കാരുടെ ആവശ്യത്തിലേക്കു് ഇപ്പോഴും നല്ല നാടകങ്ങളും ചിലതു് ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. അവയുടെ ആയുർയോഗത്തെപ്പറ്റി ഗണിക്കാറായിട്ടില്ല. കരുണ, ചണ്ഡാലഭിക്ഷുകി തുടങ്ങിയ കാവ്യങ്ങളും നാടകരൂപത്തിൽ രംഗപ്രവേശം ചെയ്തിട്ടുള്ളതും ആധുനികകാലത്താണു്. ഓച്ചിറപരബ്രഹ്മോദയ നാടകസമിതി, ഞാറക്കൽ നാടകസമിതി, മുതലായവയുടെ ആവിർഭാവത്തോടുകൂടി മലയാള സംഗീത നാടകത്തിനു് വീണ്ടും ഒരു പുതിയ ജീവൻ വന്നിട്ടുണ്ടു് എന്നുള്ളതു് ഏററവും അഭിമാനകരമാണു്. നവീനനാടക നിർമ്മാതാക്കളിൽ ബ്രഹ്മവ്രതൻ നവിശേഷപ്രശംസയെ അർഹിക്കുന്നുണ്ടു്. ശിവപ്രസാദ് വേലുക്കുട്ടി, കുഞ്ഞുകുഞ്ഞു ഭാഗവതർ തുടങ്ങിയുള്ളവർ കരുണയോടുകൂടി ദിഗ്വജയം ചെയ്തിട്ടുള്ളതു് വിസ്മരിക്കാൻ കാലമായിട്ടില്ല. സംഗീതവിദ്വാനായ വയ്ക്കം വാസുദേവൻ നായർ അവർകളുടെ കലാനൈപുണ്യം മലയാളനാടകവേദിക്കു് ഒരുണർവുണ്ടാക്കിക്കൊണ്ടുതന്നേയിരിക്കുന്നു ഇതു കൂടാതെയും മലയാളത്തിൽ ചില നല്ല നാടകങ്ങളും നടീനടന്മാരും ഉണ്ടെന്നുള്ള സംഗതി ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്.

എന്നാണ്ടു് എഴുപതു കൊല്ലത്തോളം തന്നെ പഴക്കമില്ലാത്ത നമ്മുടെ നാടകസാഹിത്യത്തിനു് അഭിലഷിക്കത്തക്കവണ്ണമുള്ള അഭിവൃദ്ധി ഇനിയും ഉണ്ടായിട്ടില്ല. ബംഗാൾ നാടകങ്ങളുടെ പ്രശംസനീയമായ വളർച്ചയുടെ ചരിത്രം ആലോചിച്ചു നോക്കുമ്പോഴും നാം എത്രമാത്രം പിന്നിലാണു് സ്ഥിതി ചെയ്യുന്നതെന്നു കാണാം. നാടകപ്രസ്ഥാനത്തിന്റെ ഈ ശോച്യാവസ്ഥയ്ക്കു പല കാരണങ്ങളുമുണ്ടു്. കേരളത്തിൽ ചില സമുദായക്കാർ നാടകം കാണുന്നതുപോലും അനാശാസ്യമാണെന്നു് ഏറെക്കാലം തെറ്റിദ്ധരിച്ചിരുന്നു. ബങ്കാളിലേപ്പോലെ ധനവാന്മാരോ പ്രഭുക്കന്മാരോ നാടകത്തിന്റെ പ്രചാരത്തിനു് അത്രമാത്രം യത്നം ചെയ്തില്ല. കേരളത്തിൽ സ്വതന്ത്രമായ നാടകമണ്ഡപങ്ങ

ളോ മറ്റോ ഉണ്ടാക്കുന്നതിൽ ശ്രദ്ധപതിപ്പിച്ചവരുടെ സംഖ്യ നന്ന വിരളമാണ്. ശരിയായ ഒരു നാടകശാലയും സാമഗ്രികളും ഉണ്ടാക്കുന്നതിന് ഒരു നല്ല തുക ചിലവുണ്ട്. എന്നാൽ അത്രയുമോ ശതാംശമോ ചിലവില്ലാതെ നേരംവെളുക്കുന്നതുവരെ കഥകളിയും മറ്റും കാണുവാൻ ഉണ്ടായിരുന്ന സൌകര്യം ജനങ്ങളെ നാടകത്തിലേയ്ക്ക് അത്ര ആകഷിച്ചില്ല. കുചിന്തകളായ ചരിതകളും മറ്റും നാടകസ്റ്റേജിൽ അഭിനയിക്കുന്നതു ദോഷപ്പെടുവാനുള്ള എളുപ്പവഴിയാണെന്ന് ഇടക്കാലത്തു ചിലർ ധരിച്ചിരുന്നു. ഏവംവിധകാരണങ്ങൾ നാടകത്തിന്റെ സവ്വതോമുഖമായ വളർച്ചക്ക് വിഘാതം വരുത്തിയിട്ടുണ്ട്.

മലയാളത്തിൽ നാടകങ്ങളും നാടകസമിതികളും വധിച്ചിരിക്കുന്ന ഇക്കാലത്തു അതിനു ശരിയായ പ്രോത്സാഹനം നൽകേണ്ടതും ഇതരരാജ്യക്കാരുടെ നാടകങ്ങളോടൊപ്പം ഉയർത്തേണ്ടതും ആവശ്യമായിട്ടുള്ളതാണ്. ഇന്നത്തെ നാടകകൃത്തുകൾക്കോ ശാസ്ത്രത്തിന്റെ ഒരു ശരിയായ ശാസന ആവശ്യമില്ലെന്നിരുന്നാലും കാലാനുസൃതമായ പരിഷ്കാരത്തോടുകൂടി ഒരു നാട്യശാസ്ത്രം ഉണ്ടാകേണ്ടതത്യാവശ്യമാകുന്നു. ജീവിതത്തിന്റെ യഥാർത്ഥമാതൃകയെ കലയിൽകൂടെ വ്യഞ്ജിപ്പിക്കയെന്നുള്ളതായിരിക്കണം നാടകത്തിന്റെ ധമ്മം. ചിരിയിലും കരച്ചിലിലുംകൂടി ഉന്നതജീവിതത്തിന്റെ നിഴൽപ്പാട്ടിൽ എത്തിച്ചേരാൻ വഴിതെളിക്കുന്നതിൽ നാടകനിമ്മാതാവിനു അജയ്യമായ കഴിവുണ്ടായിരിക്കേണ്ടതാണ്. വ്യക്തികൾക്കു നൂതനസന്ദേശങ്ങൾ നൽകിക്കൊണ്ടു ഉൽകൃഷ്ടജീവിതമണ്ഡലത്തിലേയ്ക്ക് നമ്മേ നയിക്കുന്ന നാടകങ്ങൾ ധാരാളമുണ്ടാകേണ്ടിയിരിക്കുന്നു. സാഹിത്യപരിഷത്തും സവ്വകലാശാലയും നല്ല നല്ല നാടകങ്ങളുടെ ആവിർഭാവത്തിനും പ്രചാരത്തിനും നാനാമുഖങ്ങളിൽകൂടി പ്രയത്നിക്കേണ്ടതും അവശ്യകർത്തവ്യങ്ങളിലൊന്നാണ്. നല്ല നല്ല നാടകവേദികൾ നൂതന സീൻസുകളോടും ഉപകരണങ്ങളോടുംകൂടി സൃഷ്ടിച്ച് നാട്ടിന്റെ നാനാഭാഗങ്ങളിലും നാടകപ്രദശനങ്ങൾ നടത്തേണ്ടതാണ്. ധനവാന്മാർക്കുമാത്രം രസിക്കാനുള്ള ഒരു കലയായി ഇതിനെ ഭാരവാഹികൾ ഗണിക്കാതെ കലാവാസനയുള്ള ധനഹീനന്മാരേ ഉള്ളഴിഞ്ഞു പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിൽ കുറേകൂടെ താല്പര്യം പ്രദശിപ്പിക്കുന്നതു് നന്നായിരിക്കും. കലോപാസകന്മാരായ ധനവാൻമാർ വലിയ ധനമോഹം കൂടാതെ സാമാന്യ ജനങ്ങൾക്കും ഉപകരിക്കത്തക്കവണ്ണം നാടകങ്ങൾ നടത്തി സാധുക്കളെ സഹായിക്കുന്നതു് വളരെ പ്രയോജനമാണെന്നു കരുതണം. പാഠശാലകളിലെ പാഠപുസ്തകങ്ങളിൽ നല്ല നല്ല നാടകഭാഗങ്ങൾ ചേർക്കുന്നതിനും ഉൽകൃഷ്ടനാടകങ്ങൾ പാഠപുസ്തകങ്ങളാക്കുന്നതിനും പാഠപുസ്തകകമ്മററി മഹാമനസ്കത പ്രദശിപ്പിക്കണം. നാടകലോകത്തിൽ സമാരാദ്ധ്യനായി തിരുവിതാംകൂറിലും മററും ഇപ്പോൾ നാടകം നടത്തിവരുന്ന നവാബ് രാജമാണിക്കം അവർകളുടെ സുന്ദരവും ത്യാഗസുരഭിലവും ആയ പരിഷ്കൃതനാടകസമിതിപോലുള്ള ഉറച്ച നാടകമണ്ഡലങ്ങൾ നാം സൃഷ്ടിക്കണം.

ഇന്നു നിലവിലിരിക്കുന്ന പല നല്ല നാടകക്കമ്പിനികളും പലവിഷയത്തിലും ഐക്യം പ്രാപിച്ച് ഒരു നാടകസംഘടന സുസ്ഥിരമാക്കുന്നതു് എല്ലാംകൊണ്ടും പ്രയോജനക്ഷമമാകാതെയിരിക്കയില്ല. അനുഗ്രഹീത കലാരസികന്മാരെ പ്രോത്സാ

പുസ്തകാഭിപ്രായം:

## കവനചന്ദ്രിക.

[ഗ്രന്ഥകർത്താവ്: വിദ്വാൻ അടയാത്ത് കൃഷ്ണപിള്ള, ഇടപ്പിള്ളി, വില ഒരു രൂപ.]

വിശ്വമഹാകവിയായ ഷേക്‌സ്പീയർ, മഹാന്മാർ മൂന്നു തരമുണ്ടെന്നു പറയുന്നുണ്ട്. മഹാന്മാരായിത്തന്നെ ജനിക്കുന്നവരാണ് ഒരു കൂട്ടർ. പരിസരങ്ങളുടെമാഹാത്മ്യത്താൽ മഹത്വം ആരോപിക്കപ്പെട്ടുന്നവർ രണ്ടാം തരക്കാർ. വാസനാബലം ഹേതുവായി, പ്രതികൂലപരിസരങ്ങളോടു സധീരം മല്ലിട്ടുയർന്നു മഹത്വം പ്രാപിക്കുന്നവരാണ് വേറൊരുകൂട്ടർ. നിഷ്പക്ഷമായി ചിന്തിക്കുമ്പോൾ മൂന്നാം തരക്കാരാണ് ഒന്നാം സ്ഥാനത്തിന് അർഹരായ മഹാന്മാർ. അങ്ങനെയുള്ളവർ ഒട്ടും കുറവല്ല. പക്ഷേ, പ്രതികൂലശക്തികളുമായുള്ള കുട്ടിമുട്ടലിൽപെട്ട് അവരിൽ ചിലർ നഷ്ടപ്പെട്ടെന്നും വരാം. സമുദായത്തിന്റെയോ രാഷ്ട്രത്തിന്റെയോ സഹായഹസ്തം യഥാസമയം ലഭിച്ചാൽ ഉയർന്ന മഹത്വം പ്രാപിക്കേണ്ട പല യുവസാഹിത്യകാരന്മാരുളളതിൽ എണ്ണപ്പെടാവുന്ന ഒരു വ്യക്തിയാണ് ശ്രീമാൻ അടയത്ത് കൃഷ്ണപിള്ള അവർകൾ. മാസികകൾവഴി കുറേക്കാലം മുമ്പ് പ്രസിദ്ധപ്പെടുത്തിയിരുന്ന പത്തു കവിതകൾ ചേർത്ത് തയാറാക്കിയിട്ടുള്ള ഒരു പുസ്തകമാണു കവനചന്ദ്രിക. ഭിന്നരുചിക്കാരെ മുഴുവൻ തൃപ്തനാക്കാൻ ഒരു കവിക്കു സാധ്യമല്ലെങ്കിലും മി. കൃഷ്ണപിള്ള കഴിയുന്നിടത്തോളം വായനക്കാരെ പ്രീണിപ്പിക്കാൻ പ്രയത്നിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആരെല്ലാം വർണ്ണിച്ചാലും പുതുമ അവസാനിക്കാത്ത ഒരു വിഷയമാണ് മാതൃസ്നേഹം. ആ വാസ്തവം തെളിയിക്കുന്ന ഒന്നാണ് മാതൃമഹാത്മ്യം എന്ന കവിത. മാതൃപുത്രബന്ധമെന്തെന്നു മനസ്സിലാക്കാതെ കൃതഘ്നരായിക്കഴിഞ്ഞുകൂടുന്നവരെ ഊർജ്ജിതമായി ആ കവിത ഉദ്ബോധിപ്പിക്കുന്നു. യാതൊരു ക

---

ഹിപ്പിക്കുന്ന വിഷയത്തിൽ ധനവാന്മാരും നാടകമാനേജരന്മാരും ഇന്ന പ്രദർശിപ്പിച്ചുപോരുന്നതിനേക്കാൾ ഉദാരമായ ഒരു സഹകരണത്തോടുകൂടി പ്രവർത്തിച്ചാൽ അതു നാടകലോകത്തിന് പ്രത്യേകിച്ചും കലാലോകത്തിനു പൊതുവേയും അനുഗ്രഹമായിത്തീരുന്നതാണ്. ശരിയായി അഭ്യാസബലം ഉറച്ചല്ലാതെ നടന്മാർ രംഗപ്രവേശം ചെയ്യുകയില്ല എന്ന് ദൃഢമായ വ്രതം കൈക്കൊള്ളണം. ജനങ്ങളുടെ പൊതുവാണെന്നഭിമാനിക്കുന്ന വർത്തമാനപ്പത്രങ്ങളുടെ ഇന്നത്തെ നയം മാറ്റി നാടകത്തിന്റെ നാനാമുഖങ്ങളിൽ കൂടിയുള്ള അഭിവൃദ്ധിയെ ലാക്കാക്കി പ്രവർത്തിക്കുന്ന വിഷയത്തിൽ അത്യുത്തമമായ ഒരു പങ്കു വഹിക്കേണ്ടതാണ്. അവരുടെ വിമർശനവീഥി വിവേചനാപൂർവ്വം ഈ വിഷയത്തിൽ ഉപയോഗിക്കുന്നത് ഏറ്റവും ഉപകാരപ്രദമാണെന്ന് ഓർത്തിരിക്കേണ്ടതാകുന്നു. ആകെക്കൂടി നോക്കുമ്പോൾ മലയാള നാടകങ്ങൾക്ക് അർഹിക്കുന്ന വിധത്തിലുള്ള വളർച്ച വന്നിട്ടില്ലെന്നും അതിനെ ഇതരസാഹിത്യത്തിലുൾക്കൊള്ളുന്ന നാടകങ്ങളോടൊപ്പം വളർത്തി അന്യഭാഷകൾ കടപ്പെടത്തക്കവണ്ണം ഉത്തമമായ സ്ഥാനത്തിന് അർഹമാക്കേണ്ടതാണെന്നും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

——

ദൂഷകമില്ലാത്തതും ആരാധ്യമായുള്ളതും ആയി ലോകത്തിൽ വല്ലതും ഉണ്ടെങ്കിൽ അതു് തായയുടെ ത്യാഗമെന്നു മനസ്സിലാക്കിയ കവി തന്റെ അനുഭവം വായനക്കാരിൽ പകൎത്തുന്നതിനു ശ്രമിച്ചതിന്റെ ഫലമാണു് മാതൃമാഹാത്മ്യം എന്ന കവിത.

‘താവകപ്രേമത്തിന്റെമാധുൎയ്യംപുകഴ്ത്തുവാ-
നാവതോനിന്നുമൊഴികൾക്കുമീഭൂതലത്തിൽ’

എന്ന വരികൾ എത്ര യഥാൎത്ഥമായ കാൎയ്യമാണു് മനസ്സിലാക്കുന്നതു്. അതിനു പുറമെ ഭാസുരമായ ഭാവിയുടെ വിത്തു് സ്ത്രീകളാണെന്നും അതുകൊണ്ടു് അവരുടെ മേന്മയാണു് സമുദായത്തിന്റെ മേന്മയെന്നും ആ കവിത വ്യഞ്ജിപ്പിക്കുന്നു.

‘അപ്പുണ്യമനസ്വിനിയാകിയമാതാവിന്റെ
തൃപ്പദംഭജിക്കുവിൻസോദരന്മാരേനിങ്ങൾ’

എന്ന വരികളിൽ കൂടി മാതൃഭാഷയെ ആത്മാൎത്ഥമായി ഭജിക്കേണ്ടതു് സോദരന്മാരുടെ ഉയൎച്ചക്കു അത്യാവശ്യമാണെന്നു ചൂണ്ടിക്കാണിക്കുന്നില്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഒരു വിശിഷ്ടാശയത്തെ സുന്ദരമായ ശബ്ദം വഴി ആവിഷ്കരിക്കാൻ കവി പദസമ്പത്തുള്ളയാളായിരിക്കണം. ‘അഴലിൽ മൂടിയോരനുരാഗം’ എന്ന കവിത പദസ്വാധീനം വെളിപ്പെടുത്തുന്നുണ്ടെന്നു മാത്രമല്ല, ശബ്ദംകൊണ്ടു ചില ചെപ്പടിവിദ്യ കാണിക്കാൻകൂടി കവിക്കു വശമുണ്ടെന്നു കാണിക്കയും ചെയ്യുന്നു. മുതലാളിമാരുടെ അനഭിലഷണീയമായ ജീവിതം എന്ന ജീവത്തായ വിഷയത്തെ വൎണ്ണിക്കാനാണു് കവി ‘അപരാധി’ എന്ന കവിത എഴുതിയിട്ടുള്ളതു്. സൂൎയ്യനെ അന്യാപദേശരീതിയിൽ വൎണ്ണിക്കുന്നതുകൊണ്ടു് ആ ഉദ്ദേശം സാധിക്കുമായിരിക്കേ ധനികപ്രമാണി എന്നു സ്പഷ്ടമായി പറഞ്ഞ അലങ്കാരം സമ്പാദിച്ചതു്, വെളുക്കാൻ തേച്ചതു് പാണ്ടായതുപോലെ, തോന്നിയേക്കാം. സകലചരാചരജീവദാതാവായ സവിതാവിനെ, നിന്ദിതനെന്നു വിചാരിക്കുന്ന മുതലാളിയായി കല്പിച്ചതിൽ ചില അസ്വാരസ്യങ്ങൾക്കു് ഇടയില്ലേ എന്നും ശങ്കയുണ്ടു്. കവിക്കു അതു പിന്നീടു തോന്നിയതുകൊണ്ടായിരിക്കാം ‘അപരാധി’ എന്ന പേർ കവിതന്നെ സ്വീകരിച്ചിട്ടുള്ളതു്. മലയാളഭാഷയ്ക്കു പല പുതുമകളും നൽകി, ഇംഗ്ലീഷുഭാഷയിൽനിന്നു ആശയം സ്വീകരിച്ചു്, ആംഗലഭാഷാനഭിജ്ഞരായ ആളുകളെ ആ ഭാഷയിലെ രസം ആസ്വദിപ്പിക്കാൻ ആഗ്രഹിക്കുന്ന കവിയെ ആരാണു് അഭിനന്ദിക്കാതിരിക്കുക! ‘ഇന്നത്തെ രാത്രി’ എന്ന കവിതയിൽ പ്രകൃതിനിരീക്ഷണം വഴി പരാശക്തിയെ ദൎശിച്ചു്, അദ്ദേഹത്തിന്റെ സൎവ്വേശ്വരത്വം വെളിപ്പെടുത്തുന്നതോടെ മനുഷ്യന്റെ നിസ്സാരതയെ പ്രകടമാക്കുകയുംചെയ്യുന്നു.

‘ത്വന്മായാക്ഷേത്രത്തിലെക്കോമരങ്ങളീ (ഞങ്ങ-
ളുമ്മനമറിയാതെതുള്ളവോൻനിലവിട്ടും’

എന്നവരികൾ അനുവാചകരെ ആസ്തിക്യബുദ്ധിയിലേയ്ക്കു തീൎച്ചയായും വഴിതെളിക്കുന്നവയാണു്.

ഭൎത്താവുപേക്ഷിച്ച ദുഃഖം പുത്രമുഖദൎശനത്താൽ തീൎക്കുന്നതിനിടയ്ക്കു് നഗരിക്കു സങ്കടംവന്നാലും ഭൎത്താവു എവിടെയെങ്കിലും സുഖമായിക്കഴിയട്ടേ എന്നാശിക്കുന്ന ഒരു മനസ്വിനിയെയാണു് ‘ആശ്വസിച്ചു’ എന്ന കവിതയിൽ നാം കാണുന്നതു്. ആദൎശയോഗ്യമായ ഈ വിചാരം എത്രവികാരങ്ങളെ വായനക്കാരിൽ ഉളവാക്കുകയില്ല! അലങ്കാരപ്രയോഗസാമൎത്ഥ്യം കാണിക്കുന്ന ഒരു കവിതയാണു് ‘താരങ്ങൾ’. ആശയവിശേഷം കൊണ്ടും പ്രതിപാദനരീതികൊണ്ടും ഒഴുക്കുകൊണ്ടും സുന്ദരങ്ങളെന്നു പറയാവുന്ന രണ്ടു കവിതകളാണു്, സംസ്കൃത

UNIVERSITY LIBRARY
2-OCT1947

വൃത്തത്തിൽ എഴുതീട്ടുള്ള 'അംബികാസ്തവ'വും 'രംഭയുടെ ശാപ'വും. ഈ കവിതകൾ കാണുമ്പോൾ മദ്ധ്യഘട്ടത്തിലുണ്ടായിരുന്ന മണിപ്രവാളശൈലിക്കു പുനരുജ്ജീവനം കിട്ടിയെന്ന് ആരും കരുതിപ്പോകും. 'രംഭയുടെ ശാപ'ത്തിലെ കഥ പഴയതെങ്കിലും മനോധർമ്മപ്രകടനത്തിന്റെ ഫലമായി പല പുതുമകളും അതിലുള്ളതായി കാണാം. 'എന്റെ ശിഷ്യൻ' എന്ന കവിതയിൽ 'ജാതി'വരുത്തുന്ന അനർത്ഥങ്ങൾ ചൂണ്ടിക്കാണിക്കുകയും, അനർത്ഥങ്ങൾ മന്നിനെ നാകമാക്കാൻ വിധാതാവു സൃഷ്ടിച്ച സുഖത്തെപ്പററിയുള്ള കവിയുടെ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുന്നു. താഴേകാണിക്കുന്ന വരികൾ നോക്കുക:

'അഴലിൻമുഖംചുംബിച്ചീടവേസുഖത്തെയും
നിഴൽപോൽ നീണ്ടുനില്ക്കും സുഖത്തിൽ (ദുഃഖത്തെയും
ചിന്തിയാതെന്നുംസുഖമഥവാദുഃഖമെന്നാ
യന്ധനാംമർത്ത്യൻതിപ്പുകല്പിച്ചുവസിക്കുന്നു'

എത്ര ശരിയാണ് കവി പറയുന്ന കാര്യം.

രംഭയെക്കണ്ടപ്പോൾ രാവണനുണ്ടായ മാററത്തെപ്പററി പറയുന്ന

'ഭാവംപകർന്നുമദനന്റെമയക്കിൽവീണി–
താവന്ദ്യതാപസകുമാരനരക്ഷണത്താൽ'

എന്ന ഭാഗത്തിൽനിന്നും മദനന്റെ മാദകശക്തിയും അതിൽ പെടുന്നവർക്കുള്ളഫലം ജീവിതകാലം മുഴുവൻ അനുഭവിക്കേണ്ടി വരുന്ന മനശ്ശല്യമാണെന്നും തെളിയുന്നു. കവിതയുടെ ഒരു പ്രധാന ലക്ഷ്യമായ സന്മാർഗ്ഗോപദേശം മിക്കകവിതകളിലും വ്യക്തമായി കാണാം.

'ചുററുംനിറഞ്ഞചെറുമുൾച്ചെടിയാൽകട (ന്നു–
പാറുന്നതിനുബഹുദുർഘടമെങ്കിലുംതാൻ
മട്ടുള്ളപൂവിൽവിലസുംനറുതേൻകുടിച്ചു
തുഷ്ടിപ്പെടാതെയളിയങ്ങുമടങ്ങുമെന്നോ'

എന്ന പദ്യത്തിലെ അലങ്കാരരസികത അനുഭവവേദ്യംതന്നെയാണ്. കൂടാതെ, തടസ്സങ്ങൾ തരണംചെയ്തു ലക്ഷ്യപ്രാപ്തിയിലെത്തുകയാണ് പൌരുഷം എന്നു ഉപദേശിക്കുകയും ചെയ്യുന്നു. അടുത്തകാലത്തു കൂടുതലായി കാണുന്ന അക്ഷരപ്പിശക ഈ പുസ്തകത്തിൽ കാണുന്നില്ലെന്നുള്ളതാണ് മറെറാരു വിശേഷം. പൊതുവേ ലളിതപദങ്ങളേയുള്ളുവെങ്കിലും ആർക്കും അർത്ഥഗ്രഹണത്തിനു തടസ്സം വരാതിരിക്കത്തക്കവണ്ണം ടിപ്പണികൂടി ചേർത്തതും നന്നായിട്ടുണ്ട്.

ഗുണദോഷസമ്മിശ്രമായ ലോകത്തിന്റെപകർപ്പായിരിക്കേണ്ടസാഹിത്യത്തിലും അതു പകർന്നുകാണുന്നതു് ന്യായംതന്നെ. നിസ്സാരമെന്നുതോന്നുന്ന ചിലതെററുകളായി താഴേ കാണിക്കുന്നവ കണക്കാക്കാം. 'മട്ടുള്ള പൂവിൽ വിലസും നറുതേൻ' എന്നതിൽ കാണുന്ന ആവർത്തനം കൂടാതെ കഴിക്കാമായിരുന്നു. 'താരങ്ങൾ' എന്ന കവിതയിലെ 'ആശയൊത്തൊരു തങ്കപ്പൂക്കളുമാവാമിവ' എന്നതിലെ 'ആശയൊത്തൊരു' എന്ന പദത്തിനു കവി ആശിക്കുന്ന അർത്ഥം കിട്ടുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതിപോൽ തന്നെയുള്ള 'തെളിപ്പാൻ' എന്ന പദത്തിന്റെ വ്യാകരണശുദ്ധിയും ചിന്ത്യമാണ്.

മലയാളഭാഷാനഭസ്സിൽ 'കവനചന്ദ്രിക'യാൽ പ്രശോഭിതമാക്കാൻ ശ്രമിച്ച ഈ യുവസാഹിത്യകാരനു സർവ്വമംഗളങ്ങളും ആശംസിക്കുന്നതോടെ, ഭാഷാപോഷണത്തിനു ശ്രമിക്കുന്ന അദ്ദേഹത്തിനു ഭാഷാപോഷണതല്പരന്മാരിൽനിന്നും വേണ്ട പ്രോത്സാഹനം ലഭിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ട് തൽക്കാലം വിരമിക്കട്ടെ.